# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024 ജൂൺ 23


ശ്ലീഹാ ആറാം ഞായർ



# കൊയ്യാതെ പോകുന്ന പാടങ്ങൾ

**ലേവ്യ 8:1-13; ഏശ 6:1-8, 1 കോറി 1:26-31; മത്താ 9:27-38**

ഇന്നത്തെ മൂന്നു വായനകളും നമ്മുടെ വിളിയെയും ദൗത്യത്തെയും കുറിച്ച് വ്യക്തമായ ബോധ്യങ്ങൾ നൽകുന്നവയാണ്. 'നിങ്ങൾക്ക് ലഭിച്ച ദൈവവിളിയെ പറ്റി ചിന്തിക്കുവി'നെന്ന് പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിലൂടെ വ്യക്തമാക്കുമ്പോൾ, ഏശയ്യ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള വായനയിൽ 'ആരെനിക്കായി പോകും' എന്ന് വിലപിക്കുന്ന കർത്താവിനെയും 'ഇതാ ഞാൻ' എന്നു മറുപടി പറയുന്ന പ്രവാചകനെയും കാണാം. സുവിശേഷ ഭാഗത്താകട്ടെ 'വിളവിന്റെ നാഥ നോട് പ്രാർത്ഥിക്കാൻ' പറയുന്ന യേശുവും. കന്യാസ്ത്രീ ആകാനോ, വൈദികനാകാനോ, വിവാഹ ജീവിതമോ, ഏകസ്ഥ ജീവിതമോ തിരഞ്ഞെടുക്കാനോ ഉള്ള വിളിയെക്കുറിച്ചല്ല ഈ വചനഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്. മറിച്ച് ഈ അവസ്ഥകളിലെല്ലാം ആയിരിക്കുന്ന ഓരോ രുത്തരുടെയും വിളിക്കുള്ളിലെ വിളി, ഓരോ ക്രിസ്ത്യാനിയുടെയും വിളി തിരിച്ചറിയാനും പ്രത്യുത്തരിക്കാനും ഉള്ള ആഹ്വാനമാണ് ഓരോ വചനഭാഗവും നമുക്ക് നൽകുന്നത്.

## Yes! you can

മൂന്ന് ചെറിയ ശീർഷകങ്ങൾ ഉൾപ്പെടുന്നതാണ് ഇന്നത്തെ സുവിശേഷ ഭാഗം. ഇന്നത്തെ വിശ്വാസി ഏറെ ഇഷ്ടപ്പെടുന്നവയാണ് ആദ്യത്തെ രണ്ട് ഭാഗങ്ങളും. ഈശോ നൽകുന്ന രണ്ട് രോഗസൗഖ്യങ്ങൾ. രണ്ട് അന്ധന്മാരെ സുഖപ്പെടുത്തുന്നതും ഊമയെ സുഖപ്പെടുത്തുന്നതും. ഇന്നും നമ്മിൽ ഭൂരിഭാഗവും അവനെ അനുഗമിക്കുന്നത് ചുരുവിൽ ഇതുപോലെ എന്തെങ്കിലും ഒന്ന് ഒപ്പിച്ചെടുക്കാനല്ലേ?

അങ്ങനെ ഒപ്പിച്ചെടുക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ ചില പരസ്യങ്ങളിൽ ഒക്കെ കാണുന്ന തുപോലെ 'നിബന്ധനകൾക്ക് വിധേയം' വരികൾക്കിടയിൽ നിന്ന് വായിച്ചെടുക്കാവുന്നതാണ്.

രണ്ട് അന്ധന്മാരെ സുഖപ്പെടുത്തുന്ന ആ ചെറിയ ഭാഗം.




സുജമോൾ ജോസ്

പക്ഷേ അവിടെ കുറച്ച് വലിയ കാഴ്ചകൾ കാണാനുണ്ട്. കണ്ണുണ്ടായിട്ടും തൊട്ടുമുന്നിലുള്ളവരെ പോലും കാണാതെ പോകുന്നവരുടെ ലോകത്ത്, നമ്മുടെ കണ്ണ് തുറപ്പിക്കുകയാണ് ഈ അന്ധർ. ആ വഴി കടന്നുപോ കുന്ന യേശുവിനെ നോക്കി ദാവീദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ. എന്ന് കരഞ്ഞു വിളിച്ചപേക്ഷിക്കുന്ന അന്ധന്മാർ. അവർ ഈശോയെ കണ്ടത് തങ്ങളുടെ ഉൾക്കണ്ണ് കൊണ്ടാണ്. അവന്റെ സാമീപ്യം തിരിച്ച റിയാൻ അവർക്ക് കഴിയുന്നു. അറിഞ്ഞയുടൻ അവർ അവനെ അനുഗമി ക്കുകയാണ്. വഴിയിൽനിന്ന് യേശു അവർക്ക് സൗഖ്യം നൽകുന്നില്ല. തങ്ങളെ മൈൻഡ് ചെയ്യാതെ പോകുന്ന യേശുവിനെ, പഴിച്ചുകൊണ്ട് പിൻവാങ്ങാൻ അവർ തയ്യാറാവുന്നില്ല. ഭവനത്തിൽ അവന്റെ സമീപത്ത് എത്തുന്നത് വരെ അവർ അവനെ അനുഗമിച്ചു. അവന്റെ പിന്നാലെ പോന്നപ്പോൾ വഴിയിലെ കല്ലും മുള്ളും കുണ്ടും കുഴിയും ഒന്നും അവരും മൈൻഡ് ചെയ്യുന്നില്ല. എങ്ങിനെയും അവന്റെ അടുത്ത് എത്തുക എന്ന ഒറ്റ ലക്ഷ്യമേ അവർക്ക് ഉണ്ടായിരുന്നുള്ളൂ. പ്രതിസന്ധികളിൽ തളരാതെ, ഇടറി വീഴാതെ തന്നെ അനുഗമിച്ച അവരോട് ഈശോ ചോദിക്കുന്നുണ്ട് "എനിക്കിത് ചെയ്യാൻ കഴിയും എന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്ന്. ഉവ്വ് കർത്താവേ, (Yes you can ) എന്ന് ശങ്കയില്ലാതെ പറഞ്ഞ അവർക്ക് മുമ്പിൽ ഈശോ മുട്ടുമടക്കി. ഞാൻ നിങ്ങളെ സൗഖ്യപ്പെ ടുത്തുന്നു എന്നല്ല അവിടുന്ന് പറഞ്ഞത്. 'നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ' എന്ന് പറഞ്ഞുകൊണ്ടാണ് അവൻ അവരുടെ കണ്ണുകളെ സ്പർശിച്ചത്. തങ്ങളുടെ വിശ്വാസം കൊണ്ടാണ് അവരുടെ കണ്ണുകൾ തുറക്കപ്പെട്ടത്. വിശ്വാസം കൊണ്ട് അവന്റെ ഹൃദയത്തെ സ്പർ ശിക്കാൻ ആയാൽ നമ്മെയും അവൻ സ്പർശിക്കും. പക്ഷേ അവനിത് പറ്റുമോ, മുഴുവനായി കിട്ടുമോ, എന്നൊക്കെ സംശയിച്ചു ചോദിക്കുമ്പോ ഴാണ് നമ്മുടെ കണ്ണുകൾ തുറക്കപ്പെടാതെ പോകുന്നത്. കൺമുമ്പി ലുള്ളവയെ പോലും നമുക്ക് കാണാൻ സാധിക്കാത്തത്.

## അധരങ്ങളിൽ ഒതുങ്ങിപ്പോയ ക്രിസ്തു

ആത്മീയത വെറും ആചാരങ്ങളായി മാറുമ്പോൾ അവൻ നമ്മളെ കടന്നു പോകുന്നത് നമുക്ക് തിരിച്ചറിയാൻ കഴിയാതെ പോകുന്നു. ആത്മീയത ഉൾത്തുടിപ്പുകളായി മാറുമ്പോൾ അവനിൽ വിശ്വസിക്കാനും ആന്തരിക നയനങ്ങൾ കൊണ്ട് അവനെ കാണാനും പിഞ്ചെല്ലാനും നമുക്ക് സാധിക്കും. അപ്പോൾ യേശു അവന്റെ ഉൾത്തുടിപ്പായി മാറും. ഹൃദയത്തിന്റെ തികവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്. അതുകൊണ്ടാണ് 'ആരും അറിയാൻ ഇടയാകരുതെന്ന്' അവൻ വില ക്കിയിട്ടും അവന്റെ കീർത്തി നാടെങ്ങും ആ രണ്ട് അന്ധന്മാർ, അല്ല കാഴ്ച ലഭിച്ചവർ പരത്തിയത്. ഹൃത്തിൽ യേശുവിനെ പേറുന്നവന് യേശുവിനെ മറ്റുള്ളവർക്ക് നൽകാതിരിക്കാൻ ആവില്ല. ഇന്നും അനേകർ അവനെ അറിയുന്നില്ലെങ്കിൽ, അനേകർക്കവനെ ലഭിച്ചിട്ടില്ലെങ്കിൽ അതിനു കാരണം ഞാനും നീയും അവനെ നൽകാത്തതാണ്.. നമ്മുടെയൊക്കെ അധരങ്ങളിൽ ഒതുങ്ങിപ്പോയ ക്രിസ്തു, ഹൃദയങ്ങളിൽ വസിക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

## അത്ഭുതപ്പെടുന്ന ജനങ്ങൾ

അന്നും ഇന്നും അത്ഭുതങ്ങൾ ജനങ്ങളുടെ വീക്ക്നെസ്സ് തന്നെ യാണ്. അവർ എപ്പോഴും അത്ഭുതങ്ങൾ തേടുന്നു. അവയിൽ ആനന്ദവും ആശ്വാസവും കണ്ടെത്തുന്നു. ആത്മീയമായി വലിയ അറിവോ പാണ്ഡി ത്യമോ ഇല്ലാത്ത, വലിയ തിയോളജിയും ഫിലോസഫിയും പഠിക്കാത്ത സാധാരണക്കാരന് ദൈവം എന്നും അത്ഭുതം തന്നെയാണ്. ദൈവ ത്തിന്റെ പ്രവർത്തികളും അവനെ അത്ഭുതപ്പെടുത്തുന്നവയാണ്. പിശാച് ബാധിതനായ ഊമനെ ഈശോ സുഖപ്പെടുത്തുന്നതാണ് ഇന്നത്തെ സുവിശേഷത്തിലെ രണ്ടാമത്തെ അത്ഭുതം. യേശുവിനെ സാകൂതം വീക്ഷിച്ചിരുന്ന ആ പാവം പിടിച്ചവർ ഊമൻ സൗഖ്യപ്പെട്ട് സംസാരിക്കു ന്നതു കണ്ടപ്പോൾ അത്ഭുതപ്പെടുന്നു. ഇന്നും ദൈവിക സാന്നിധ്യത്തെ അത്ഭുതങ്ങളിൽ മാത്രം നോക്കി കാണുന്ന ആ പാവങ്ങളെ പുച്ഛിക്കു മ്പോൾ, ഓർക്കാം അതിനപ്പുറം ഒരു ദൈവത്തെ അവർക്ക് പരിചയപ്പെ ടുത്തി കൊടുക്കാൻ നമുക്ക് കഴിയാത്തതുകൊണ്ടാണ് അവർ ദൈവം എന്നാൽ അത്ഭുതമാണെന്ന് കരുതുന്നത്. പക്ഷേ അതിബുദ്ധിമാന്മാർക്ക് ഇത്തരം അത്ഭുതങ്ങളിലൊന്നും സന്തോഷിക്കാൻ സാധിക്കുന്നില്ല. പിശാചുക്കളുടെ തലവനെ കൊണ്ടാണ് പിശാചിനെ ബഹിഷ്കരിക്കു ന്നത് എന്നുപറഞ്ഞ ഫരിസേയരെപോലെ എന്തിലും ഏതിലും കുറ്റം കാണുന്നവർ ഇന്നും കുറവല്ല.

ഊമനെ പിശാച് വിട്ടുപോയതും അവൻ സംസാരിക്കാൻ തുടങ്ങിയതും ഫരിസേയർക്ക് ഒരു വിഷയമേ ആകുന്നില്ല. യേശുവിൽ എന്തെങ്കിലും കുറ്റം കണ്ടെത്തണമെന്ന ഏകചിന്തയെ അവർക്ക് ഉണ്ടായിരുന്നുള്ളൂ. ജനങ്ങളുടെ സന്തോഷത്തേക്കാളും സമാധാനത്തേക്കാളുമുപരി തങ്ങളുടെ അധികാരങ്ങളും സ്ഥാനമാനങ്ങളും യേശുവിന്റെ ജനസമ്മതിക്കു മുമ്പിൽ നിഷ്പ്രഭമാകുന്നതിലുള്ള ആശങ്കകളാണ് അവനിൽ കുറ്റം ആരോപിക്കാൻ അവരെ പ്രേരിപ്പിച്ചത്. ചിലതെല്ലാം ഇന്നും അങ്ങനെയൊക്കെ തന്നെയല്ലേ? ചില വളർച്ചകൾ ചിലർക്കെ ങ്കിലും അസ്വസ്ഥത ഉളവാക്കുന്നവയാണ്. വിറളിപിടിപ്പിക്കുന്നവയാണ്. അതുകൊണ്ട് ആ വളർച്ച എങ്ങനെയെങ്കിലും ഇല്ലാതാക്കാൻ അവർ ഫരിസേയരെപോലെ പരിശ്രമിക്കുന്നു. അറിവുകൊണ്ട് ദൈവത്തെ അളക്കുന്നവരും അനുഭവം കൊണ്ട് ദൈവത്തെ അളക്കുന്നവരും തമ്മിലുള്ള വ്യത്യാസം ആണിത്.

## കൊയ്ത്തുകാലമായി

നിസ്സഹായരും പരിഭ്രാന്തരുമായ ജനത്തെ കണ്ടപ്പോൾ യേശു വിന് അവരോട് അനുകമ്പ തോന്നിയെന്നാണ് വചനഭാഗത്തിന്റെ അവ സാനം പറയുന്നത്. വിളഞ്ഞുനിൽക്കുന്ന വിള കൊയ്യാൻ വേലക്കാരി ല്ലെന്നത് യേശുവിനെ വേദനിപ്പിക്കുന്നു. ഒ എൻ വി യുടെ ആവണി പ്പാടം എന്ന കവിതയാണ് ഓർമ്മ വരുന്നത്. ആവണിപ്പാടത്തെ വേതു കുളികഴിഞ്ഞ് തെളിഞ്ഞു നിൽക്കുന്ന പെണ്മണിയോടാണ് കവി ഉപമിക്കുന്നത്. ഓരോ വരികളിലായി ആവണിപ്പാടത്ത് വിളവെടുക്കാൻ വരുന്ന പല തരത്തിൽപ്പെട്ട കിളികളെ കവി വരച്ചു കാണിക്കുന്നുണ്ട്. കുട്ടികളെ കൂടെ നടത്തി കൊണ്ടുവരുന്ന അമ്മക്കിളികൾ, കുഞ്ഞിന് തീറ്റകൊടുക്കുന്ന ചിലർ, ആരെയോ പ്രാകിക്കൊണ്ട് നടന്നുവരുന്ന അമ്മച്ചി താറാവ്, കർക്കിടകം വന്നു പോയിട്ടും ബലിയിട്ടൊരു വറ്റും ആരും തന്നില്ലെന്ന് പരിഭവിക്കുന്ന കാക്കച്ചിപ്പെണ്ണ്, ആനക്കെടുപ്പത് പൊന്നും കൊണ്ടു വരുന്ന മണവാളനെ കുറിച്ച് സ്വപ്നം കാണുന്ന മഞ്ഞക്കിളി പെണ്ണ്, കൂട്ടിൽ ഒറ്റയ്ക്കായിപ്പോയ തത്തകുഞ്ഞിനെ കുറിച്ചുള്ള ആകുല തകളുമായി വന്ന തത്തമ്മ പെണ്ണ്. ഇങ്ങനെ പല പല കാര്യങ്ങളിൽ വ്യാ പൃതരായിരുന്നു അവർ. ഇതുപോലെ വിളഞ്ഞു കിടക്കുന്ന പാടം നമുക്ക് മുൻപിൽ നിൽക്കുമ്പോഴും എന്തൊക്കെയോ പായാരം ചൊല്ലിയും, പരിഭവിച്ചും, ആവലാതിപ്പെട്ടും കൊയ്ത്തുകാലമായത് തിരിച്ചറിയാതെ സ്വന്തം ഇടങ്ങളിൽ ചേക്കേറുന്ന കിളികളായി നാം മാറുന്നു. പാഴായി പ്പോകുന്ന വിളവ് കാണാതെ പോകുന്നു.

വിളഞ്ഞുനിൽക്കുന്ന പാടങ്ങളെ കൊയ്തെടുക്കാതെ പാഴാക്കി ക്കളയുന്നവരായി നാം മാറരുത്. വിളവെടുക്കേണ്ട വേലക്കാർ വേല മറന്നുപോയ അവസ്ഥയല്ലേ ഇന്നുള്ളത്? തിരിച്ചറിവുകൾ ഉണ്ടാകു



മ്പോഴേക്കും പാടം കരിഞ്ഞുണങ്ങിപ്പോയേക്കാം എന്നോർക്കുന്നത് നല്ലതാണ്.

## രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാം

"Baptised and sent". മാമോദീസ സ്വീകരിച്ച ഓരോരുത്തരും അയക്കപ്പെട്ടവരാണ്. സുവിശേഷം പ്രഘോഷിക്കുക എന്നത് മാത്ര മാണ് നമ്മുടെ കർത്തവ്യം. 'നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും'(മത്തായി 6:33). ആദ്യം തേടേണ്ട ദൈവരാജ്യത്തെ പലപല കാരണങ്ങൾ കൊണ്ട് മാറ്റിവച്ച് ഒടുവിൽ സമയം കിട്ടാതെ മടങ്ങേണ്ടി വരുന്നതിൽപ്പരം ദൗർഭാഗ്യം എന്തുണ്ട്? ആയിരിക്കുന്ന ഇട ങ്ങളിൽ സാക്ഷ്യം വഹിച്ചു കൊണ്ട് ജീവിക്കാൻ ഇനിയും മറന്നുകൂടാ. ഒരായുസ്സിന്റെ ജീവിതം കൊണ്ട് ഒരാളോട് പോലും സുവിശേഷം പറയാൻ കഴിയാതെ പോകുന്ന ജീവിതം. എന്നിട്ടും നമ്മുടെ പേര് ക്രിസ് ത്യാനി എന്നാണ്. വിരോധാഭാസം എന്നല്ലാതെ എന്ത് പറയാൻ. ജീവിത കാലം മുഴുവൻ രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചവന്റെ പിൻ ഗാമികളാണെന്ന തിരിച്ചറിവിൽ പോകാം, പ്രഘോഷിക്കാം. ഇനിയും വൈകിക്കൂടാ. ഇന്നിന്റെ എല്ലാ പ്രതിസന്ധികൾക്കും കാരണം ദൗത്യം മറന്നുപോയതാണ്. അല്ലെങ്കിൽ പ്രഘോഷിക്കപ്പെടേണ്ട സുവിശേഷ ത്തിന് പകരം പ്രഘോഷിക്കുന്നതും പ്രഘോഷിച്ചതുമെല്ലാം മറ്റു പല തും ആയിരുന്നു. മടങ്ങിവരാൻ തയ്യാറായാൽ മാത്രമേ കൊയ്ത്തിനും വിളവിനും വേലക്കാർക്കും എല്ലാം പ്രസക്തിയുള്ളൂ. എല്ലാ പ്രസക്തിയും നഷ്ടപ്പെട്ടു എന്നെങ്കിലും തിരിച്ചറിയാൻ കഴിഞ്ഞിരുന്നെങ്കിൽ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com